(ബി)

| ജില്ല | നൽകിയ തുക (ലക്ഷം) | വെട്ടിയ തെങ്ങുകൾ (എണ്ണം) | പുതിയ തൈകൾ വച്ചുപിടിപ്പിച്ചത് |
|---|---|---|---|
| കോഴിക്കോട് | 6.715 | 1343 | .. |
| തൃശ്ശൂർ | 879.18 | 351672 | 134663 |
| എറണാകുളം | 2.50 | 10000 | .. |
| തിരുവനന്തപുരം | 443.75 | 177500 | 60000 |

(സി) കൃഷി വകുപ്പിന്റെ നിർദ്ദേശാനുസരണം നടപ്പിലാക്കിയ പദ്ധതികളിലൊന്നും തന്നെ, തെങ്ങുവെട്ടിമാറ്റിയശേഷം ആനുകൂല്യം ലഭിക്കാത്ത സാഹചര്യം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങൾക്ക് ധനസഹായം**

332 [1266] *ശ്രീ. കെ. പി. സതീശ് ചന്ദ്രൻ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മേയ് മാസത്തിൽ യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതേവരെ ഓരോ വർഷവും കടബാദ്ധ്യതമൂലം എത്ര കർഷകരാണ് ആത്മഹത്യ ചെയ്തതെന്ന് അറിയിക്കാമോ;

(ബി) ഇങ്ങനെ ആത്മഹത്യ ചെയ്തവരുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) ആത്മഹത്യ ചെയ്ത കർഷകരുടെ കടബാദ്ധ്യതകൾ എഴുതിത്തള്ളുന്നതിനോ, ഏറ്റെടുക്കുന്നതിനോ ബന്ധപ്പെട്ട കുടുംബങ്ങൾക്ക് ധനസഹായം കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമാക്കാനോ നടപടി സ്വീകരിച്ചിരുന്നോ എന്ന് വിശദമാക്കാമോ?

*ഉത്തരം*

(എ) & (ബി) 2001 മുതൽ 2004 ആഗസ്റ്റ് വരെ സംസ്ഥാനത്ത് കാർഷിക കടം മൂലം 213 കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം I ആയി ചേർത്തിട്ടുണ്ട്. 2004 സെപ്തംബർ മുതൽ ഇതേവരെയുള്ള ആത്മഹത്യയുടെ കണക്ക് ശേഖരിച്ചുവരുന്നു. †

(സി) ഇതു സംബന്ധിച്ച വിശദാംശം അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly